**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3807** **27-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന് അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ബി) | ശബരിമല വിമാനത്താവളവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും. സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോഎക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൽട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുകയും ആയത് വിശദമായ അവലോകനത്തിന് ശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), എം.ഡി, കെ.എസ്.ഐ.ഡി,സി, പത്തനംതിട്ട ജില്ലാകളക്ടർ, കൊല്ലം ജില്ലാകളക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റി പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാൻറ്റേഷനെ പ്രസ്തുത പ്രോജക്റ്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി ശ്രീ. വി തുളസീദാസ് ഐ.എ.എസ് (റിട്ട) നെ നിയമിക്കുകയും നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലുള്ള നിർവ്വഹണവും മേൽനോട്ടവും യഥാസമയമുള്ള അവലോകനവും മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വ്യവസായ, റവന്യൂ ഗതാഗത വകുപ്പ് സെക്രട്ടറിമാരുടെയും, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി, സ്പെഷ്യൽ ഓഫീസർ എന്നിവരുടെയും മേൽനോട്ടത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ